# പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 778** **12/12/2012 ൽ മറുപടിക്ക്**

**ജനറിക് മരുന്നുകളുടെ വിതരണം**

**ചോദ്യം**
ശ്രീ. കെ.വി. അബ്ദുൾ ഖാദർ

**മറുപടി**
ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഒരു വർഷം എത്ര കോടി രൂപയുടെ മരുന്നുകൾ വേണ്ടിവരും; | (എ) (ബി) & (സി) | ജീവൻ രക്ഷാ മരുന്നുകൾ (EDL) വിതരണം ചെയ്യുന്നതിന് 200 കോടിരൂപയും ജനറിക് മരുന്നുകൾ (RDL) വിതരണത്തിന് 150 കോടിയും ആന്റി കാൻസർ മരുന്നുകൾക്ക് 25 കോടിയും ഉൾപ്പെടെ 375 കോടി രൂപ ഒരു വർഷം ആവശ്യമായിവരും എന്നു കണക്കാക്കുന്നു. |
| (ബി) | ജനറിക് മരുന്നുകൾക്ക് വേണ്ടി വരുന്ന മൊത്തം തുക എത്ര; അല്ലാത്തവയ്ക്ക് വേണ്ടിവരുന്ന തുക എത്ര; | | |
| (സി) | ജനറിക് മരുന്നുകൾ സൌജന്യമായി വിതരണം ചെയ്യുന്നതിന് ഒരു വർഷം എന്തു തുക വേണ്ടി വരും; | | |
| (ഡി) | ഈ ആവശ്യത്തിലേക്ക് എന്ത് തുക അനുവദിച്ചിട്ടുണ്ട്; ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയ തുക എത്ര; | (ഡി) | 2012-13 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷന്, മരുന്നു സംഭരണത്തിനായി സംസ്ഥാന ബഡ്ജറ്റിൽ 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | ജനറിക് മരുന്നുകളുടെ എണ്ണം എത്രയാണ്; ഇവയിൽ സർക്കാർ ആശുപത്രികളിലൂടെ വിതരണം ചെയ്യുന്നവയുടെ എണ്ണം എത്ര; | (ഇ) | 939<br>(എസ്സൻഷ്യൽ ഡ്രഗ്സ് = 518<br>റാഷണൽ ഡ്രഗ്സ് = 314<br>കാൻസർ മരുന്നുകൾ = 107<br>മൊത്തം = 939)<br>ഇതിൽ റാഷണൽ ഡ്രഗ്സ് 5 മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ആശുപത്രികളിലും ഇൻഡന്റ് പ്രകാരം |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കിയിട്ടുണ്ട്. കാൻസർ രോഗത്തിനാവശ്യമായ മരുന്നുകൾ 5 മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും ലഭ്യമാക്കിയിട്ടുണ്ട് |
| (എഫ്) | സംസ്ഥാനത്ത് എത്ര സർക്കാർ ആശുപത്രികൾ നിലവിലുണ്ട്; ഈ പദ്ധതി ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലാത്ത ആശുപത്രികളുടെ എണ്ണം വ്യക്തമാക്കുമോ? | (എഫ്) | ആകെ സർക്കാർ ആശുപത്രികളുടെ എണ്ണം 1255. സൌജന്യമായി ജനറിക് മരുന്ന് വിതരണം ചെയ്യുന്ന പദ്ധതി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ജനറൽ ആശുപത്രികൾ മുഖേനയും നൽകി വരുന്നുണ്ട്. ബാക്കി എല്ലാ ആശുപത്രികളിലും പ്രസ്തുത പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ